"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ശ്രീ. മോഹനൻ എം.പി., ശ്രീ. ശശി എം., ശ്രീ. ലക്ഷ്മണൻ ആർ.എം. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ സമർപ്പിച്ച ഒ.എ.(ഇകെഎം) നം.1220/2019-മേലുള്ള 23.07.2019- ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2112/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 09/11/2020

---

പരാമർശം:- 1 സ.ഉ.(പി) 515/2007/ധന. തീയതി 19.10.2007

2 പഞ്ചായത്ത് ഡയറക്ടറുടെ 08.06.2018-ലെ ഇ8-17716/2018 നമ്പർ നടപടിക്രമം

3 ശ്രീ. മോഹനൻ എം.പി. ശ്രീ. ശശി എം., ശ്രീ. ലക്ഷ്മണൻ ആർ.എം. എന്നിവർ സമർപ്പിച്ച നിവേദനങ്ങൾ.

4 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) നം.1220/2019-മേലുള്ള 23.07.2019- ലെ വിധിന്യായം

**ഉത്തരവ്**

ശ്രീ. മോഹനൻ എം.പി., ശ്രീ. ശശി എം., ശ്രീ. ലക്ഷ്മണൻ ആർ.എം. എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.(ഇകെഎം) നം. 1220/2019-മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവായിട്ടുണ്ട്.

"The original application is disposed of with a direction to the first respondent Government to take a deision on Annexures A3 to A5 representations, after hearing the applicants, as expeditiously as possible, at any rate, within in a period of three months from the date of receipt of a certified copy of this order, which will be produced by the applicants along with a copy of the original aplication".

2. ശ്രീ. മോഹനൻ എം.പി. 01.01.2015 മുതലും ശ്രീ. ശശി എം. 01.01.2016 മുതലും ശ്രീ. ലക്ഷ്മണൻ ആർ.എം. 01.04.2016 തീയതി മുതലും പഞ്ചായത്ത് ഡയറക്ടറുടെ 08.06.2018 ലെ ഇ8-17716/18 നമ്പർ റേഷ്യോ പ്രൊമോഷൻ ഉത്തരവ് പ്രകാരം പ്രമോഷന് അർഹത നേടിയവരാണെന്നും 31.05.2017-ന് റിട്ടയർ ചെയ്തു എന്ന കാരണത്താൽ പ്രസ്തുത ആൾക്കാർക്ക് അതിന്റെ യാതൊരു

സാമ്പത്തികാനുകൂല്യവും ലഭിക്കുകയുണ്ടായില്ലയെന്നും എന്നാൽ സർവ്വീസിൽ തുടരുന്നവർക്ക് അതേ ഉത്തരവ് പ്രകാരം അർഹതപ്പെട്ട സാമ്പത്തികാനുകല്യം അനുവദിക്കുകയുമുണ്ടായെന്നും അതിനാൽ റേഷ്യോ പ്രൊമോഷന് അർഹമായ തീയതി മുതൽ അതിന്റെ കുടിശ്ശിക തുക അനുവദിക്കണമെന്നുമാണ് അപേക്ഷകരുടെ ആവശ്യം. ഈ സാഹചര്യത്തിൽ റേഷ്യോ പ്രൊമോഷൻ തീയതി മുതലുള്ള സാമ്പത്തികാനുകല്യം അനുവദിച്ചുതരണമെന്നാവശ്യപെട്ട് അപേക്ഷകർ സർക്കാരിൽ മുൻപ് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും അപേക്ഷയിൽ സൂചിപ്പിക്കുന്നുണ്ട്. മേൽ വിഷയവുമായി ബന്ധപ്പെട്ട് സർക്കാരിൽ സമർപ്പിച്ച അപേക്ഷ, പ്രസ്തുത വിഷയം പഞ്ചായത്ത് ഡയറക്ടറുടെ അധികാര പരിധിയിൽ വരുന്നതിനാൽ അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് 20.12.2018-ൽ എൻഡോർസ്മെന്റായി നൽകിയിരുന്നു. അപേക്ഷകരുടെ ആവശ്യം പരിഗണിക്കാതിരുന്നതിനാലാണ് അപേക്ഷകർ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒ.എ. ഫയൽ ചെയ്തിട്ടുള്ളത്.

3. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരെയും പഞ്ചായത്ത് ഡയറക്ടറുടെ പ്രതിനിധികളെയും നേരിൽ കേൾക്കുകയുണ്ടായി.

4. ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിട്ടുണ്ട്.

"പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റി പട്ടികകളുടെ സാധുത ചോദ്യം ചെയ്ത് നിരവധി ഹർജികൾ വിവിധ കോടതികളിൽ നിലനിന്നിരുന്നതിനാൽ അംഗീകൃത സീനിയോറിറ്റി പട്ടികകളുടെ അഭാവം മൂലം 01.01.2013 തീയതി മുതലുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ തസ്തികളിൽ റേഷ്യോ അടിസ്ഥാനമാക്കിയുള്ള ഹയർ ഗ്രേഡ് ആനുകൂല്യം അനുവദിച്ച് യഥാസമയം ഉത്തരവ് പുറപ്പെടുവിക്കാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ പ്രസ്തുത ഹർജികളിൽ ബഹു. സുപ്രീം കോടതി 29.03.2017-ലെ സിവിൽ അപ്പീൽ നം.5203/16, 5204/16, 5205/16, 6055/16, 6056/16, 6057/16, 6059/16 തുടങ്ങിയവയിൽ ഉത്തരവു പുറപ്പെടുവിക്കുകയും 01.01.1990 മുതലുള്ള വിവിധ തസ്തികകളിലെ സീനിയോറിറ്റി പട്ടികകൾ 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം പുതുക്കി തയ്യാറാക്കിയിട്ടുള്ളതുമാണ്. ടി പട്ടികയുടെ അടിസ്ഥാനത്തിൽ 01.01.2013 തീയതി മുതൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ 25% ഉദ്യോഗസ്ഥർക്ക് അർഹമായ തീയതി പ്രാബല്യത്തിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർഗ്രേഡ് അനുവദിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 08.06.2018-ലെ ഇ8/17716/2018 പ്രകാരം ഉത്തരവായിട്ടുണ്ട് എന്നും. അറിയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 01.06.2014 തീയതിവരെ പ്രാബല്യത്തിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർഗ്രേഡ് പ്രൊമോഷൻ ലഭിച്ചവർക്ക് പ്രസ്തുത തീയതി മുതലോ അതിനുശേഷമുള്ള ഓപ്ഷൻ തീയതി മുതലോ ശമ്പളം നിർണ്ണയിച്ച് ലഭിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. മേൽ പറഞ്ഞ പ്രകാരം ഹയർഗ്രേഡ് ആനുകൂല്യം ലഭിക്കുന്നവർക്ക് പരാമർശം (1) - ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാണ്. അതിനാൽ ഈ ഉത്തരവിൽ ഉൾപ്പെട്ട ജീവനക്കാർക്ക് മോണിട്ടറി ബെനിഫിറ്റിന് ഉത്തരവ് തീയതിക്ക് ഒരു വർഷം മുൻപ് വരെ മാത്രമാണ് അർഹത ഉണ്ടായിരുന്നത്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 01.01.1990 മുതലുള്ള വിവിധ

തസ്തികകളിലെ സീനിയോറിറ്റി പട്ടികകളുടെ അടിസ്ഥാനത്തിൽ 01.01.2013 തീയതി മുതൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ തസ്തികകളിലെ 25% ഉദ്യോഗസ്ഥർക്ക് അർഹമായ തീയതി പ്രാബല്യത്തിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർഗ്രേഡ് അനുവദിച്ച് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 01.06.2014 തീയതി വരെ പ്രാബല്യത്തിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള ഹയർഗ്രേഡ് പ്രൊമോഷൻ ലഭിച്ചവർക്ക് പ്രസ്തുത തീയതി മുതലോ അതിനുശേഷമുള്ള ഓപ്ഷൻ തീയതി മുതലോ ശമ്പളം നിർണ്ണയിച്ച് ലഭിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ഹയർ ഗ്രേഡ് ആനുകൂല്യം ലഭിക്കുന്നവർക്ക് പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാണ്. കൂടാതെ KSR ഭാഗം I റൂൾ 23(d)-യിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥ പ്രകാരം പ്രൊമോഷൻ ഉത്തരവ് തീയതിക്ക് പരമാവധി ഒരു വർഷം മുൻപ് വരെ മാത്രമേ സാമ്പത്തികാനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. ടി വ്യവസ്ഥകൾ പ്രകാരം മേല്പറഞ്ഞ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷനു അർഹമായ തീയതി മുതൽ കുടിശ്ശിക അനുവദിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ശ്രീ. മോഹനൻ എം.പി., ശ്രീ. ശശി എം., ശ്രീ. ലക്ഷ്മണൻ ആർ.എം. എന്നിവരുടെ ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റിവ് ട്രിബ്യൂണലിന്റെ പരാമർശം (4) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

1. ശ്രീ. മോഹനൻ എം.പി, (റിട്ട. ഗ്രാമപഞ്ചായത്ത് സെക്രട്ടറി) അഖിലം, കൂട്ടുമുഖം പി.ഒ, കണ്ണൂർ-670 631
2. ശ്രീ. ശശി എം., (റിട്ട. ഗ്രാമപഞ്ചായത്ത് സെക്രട്ടറി) മഠപ്പുരക്കൽ, പൂക്കോട് പി.ഒ, കണ്ണൂർ-670 691
3. ശ്രീ. ലക്ഷ്മണൻ ആർ.എം, രയരോത്ത്, മീത്തൽ ഹൗസ്, ചൊക്ലി പി.ഒ, കണ്ണൂർ-670 672
4. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. ധനകാര്യ വകുപ്പ് (13.08.2020 - ലെ WW1/200/2019/FIN നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/168/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.11.[illegible] 17:01:27 IST
Reason: Approved

സെക്ഷൻ ഓഫീസർ